## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5532** **13-08-2021 - ൽ മറുപടിയ്ക്ക്**

## ക്ഷേത്രജീവനക്കാർക്ക് സാമ്പത്തിക സഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കോവിഡ് കാരണം ക്ഷേത്രങ്ങളിലെ പൂജാരി മുതൽ മറ്റ് അനുബന്ധ ജീവനക്കാർ വരെ നേരിടുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ജീവനക്കാർക്ക് എന്തെങ്കിലും സാമ്പത്തിക സഹായം നൽകുവാൻ സർക്കാർ മുൻകൈ എടുക്കുമോ; വിശദമാക്കുമോ? | (എ) | ഉണ്ട്. കോവിഡ് മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾക്ക് സർക്കാർ ആകെ 175.07 കോടി രൂപ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡ് - 100 കോടി 80 ലക്ഷം (കോവിഡ് പാക്കേജ് ഇനത്തിൽ 10 കോടിയും , 2019-20, 2020-21 വർഷങ്ങളിൽ വാർഷിക വിഹിതം ഇനത്തിൽ കുടിശ്ശികയായ 80 ലക്ഷം രൂപയും നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചു) കൊച്ചിൻ ദേവസ്വം ബോർഡ് - 25 കോടി മലബാർ ദേവസ്വം ബോർഡ് - 49.12 കോടി (2021-2022 സാമ്പത്തിക വർഷം 11,82,05,500 രൂപ അനുവദിച്ചു) കൂടൽമാണിക്യം ദേവസ്വം - 15 ലക്ഷം കോവിഡിന്റെ പശ്ചാത്തലത്തിൽ പ്രഖ്യാപിച്ച സാമ്പത്തിക പാക്കേജ് പ്രകാരം സാമൂഹ്യ സുരക്ഷ പെൻഷനോ, വെൽഫയർ ഫണ്ട് പെൻഷനോ ലഭിക്കാത്ത BPL, അന്ത്യോദയ അന്നയോജന കുടുംബത്തിന് 1000/- രൂപ സാമ്പത്തിക സഹായം നൽകുവാൻ സർക്കാർ പൊതു തീരുമാനം എടുത്തതിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ ക്ഷേത്രങ്ങളിലെ ജീവനക്കാർക്കായി പ്രത്യേക ധനസഹായം അനുവദിച്ചിട്ടില്ല. എന്നാൽ സ്വകാര്യക്ഷേത്രങ്ങളിലെ ജീവനക്കാർക്കും ക്ഷേത്രാരാധനയുമായി ബന്ധപ്പെട്ട വിവിധ തൊഴിലെടുക്കുന്നവർക്കും വേണ്ടി ഒരു പ്രത്യേക ക്ഷേമനിധി ബോർഡ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ